# കേരള കാർഷിക സർവ്വകലാശാല


## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## അഗ്രികൾച്ചർ കോളേജ്, വെള്ളാനിക്കര

**Email: cohagmet@kau.in&kauagmet@yahoo.co.in**


**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ**

## എറണാകുളംജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 23/2021 (45)** ചൊവ്വാഴ്ച **തീയ്യതി 01.06.2021**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 02.06.2021 | 03.06.2021 | 04.06.2021 | 05.06.2021 | 06.06.2021 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 10 | 8 | 8 | 7 | 2 |
| ഉയർന്ന താപനില (°C) | 31 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 94 | 94 | 94 | 94 | 94 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 5 | 4 | 3 | 4 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 320 | 290 | 290 | 320 | 320 |
| മേഘവ്യാപ്തി (ഒക്ട) | 8 | 6 | 6 | 7 | 5 |

**ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.**

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ:** വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യം ഉറപ്പു വരുത്തുക . കാലവർഷാരംഭത്തിനു മുൻപേ കാർഷികവിളകൾക്ക് വിളപരിപാലനം നടത്തേണ്ടതാണ്. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. | | |
| നെല്ല് | നിലമൊരുക്കൽ മുതൽ പറിച്ചുനടീൽ വരെ | വിരിപ്പു കൃഷിക്കായുള്ള ഞാറ് നാലോ അഞ്ചോ ഇല പ്രായത്തിൽ പറിച്ചു നടാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്തു നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ ഒരു പരിധിവരെ തടയാം. ഇതിന് ഒരു കി.ഗ്രാം വിത്തിന് 10 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിന് കലക്കി സ്യൂഡോമോണാസ് ലായനി ഉ ാക്കാം. |
| തെങ്ങ് | കൂമ്പുചീയൽ | മഴക്കാലത്ത് തെങ്ങിലെ കൂമ്പുചീയൽ രോഗത്തിന് മുൻകരുതലായി 1% വീര്യമുള്ള ബോർഡോ മിശ്രിതം തെങ്ങിന്റെ കൂമ്പിൽ തളിച്ചു തളിച്ചുകൊടുക്കാവുന്നതാണ്. |
| ജാതി | ഇലപൊഴിച്ചിൽ | മഴക്കാലത്ത് ജാതിയിൽ ഇലപൊഴിച്ചിൽ വരാതിരിക്കാനുള്ള മുൻകരുതലായി 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ചുകൊടുക്കാവുന്നതാണ്. |
| | പിങ്ക് രോഗം | ജാതി തടിയുടെ പിങ്ക് രോഗം മൂലം കേടുവന്ന ഭാഗം ചെത്തി മാറ്റി അഞ്ച് മില്ലി കോൺടാഫ് 100 മില്ലി വെള്ളത്തിൽ ലയിപ്പിച്ച് പുരട്ടുകയോ, തളിക്കുകയോ ചെയ്ത് മഴ കൊള്ളാതെ സംരക്ഷിക്കുക. |
| കുരുമുളക് | ദ്രുതവാട്ടം | മഴക്കാലത്ത് കുരുമുളകിലെ ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കാനായി. രണ്ടു കിലോ ട്രൈക്കോഡർമ 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ചത്തേക്ക് വയ്ക്കുക . ഈ മിശ്രിതത്തിൽ നി ന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക |
| പച്ചക്കറികൾ (മുളക്,വഴുതന) | | മുളക്, വഴുതന തുടങ്ങിയ പച്ചക്കറികൾ നടുമ്പോൾ വേരുകൾ സ്യൂഡോമോണാസ് ലായനിയിൽ മുക്കി വെച്ചതിനുശേഷം നടുക. |
| മൃഗസംരക്ഷണം | കാലിതീറ്റയിൽ പൂപ്പൽ വരാതിരിക്കാൻ ശ്രദ്ധിക്കുക.വെയിലുള്ളപ്പോൾ കാലിതീറ്റ ഉണക്കി വെയ്ക്കുകയോ, അല്ലെങ്കിൽ മരത്തടിയുടെ മുകളിൽ കയറ്റിവെയ്ക്കുകയോ ചെയ്യുക. | |